# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4044 | 12.11.2019 - ൽ മറുപടിക്ക് |
|---|---|

## വ്യാപാരികൾക്ക് പ്രീ അസസ്മെന്റ് നോട്ടീസ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.എസ്.ശിവകുമാർ : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | പഴയ വാറ്റ് നികുതിയുടെ പേരിൽ സംസ്ഥാനത്തെ വ്യാപാരികൾക്ക് പ്രീ അസസ്മെന്റ് നോട്ടീസ് നൽകുന്നുണ്ടോ; | (എ) | 2013-14 സാമ്പത്തിക വർഷം മുതൽ വ്യാപാരികൾ സ്വയം നികുതിനിർണ്ണയം നടത്തി സമർപ്പിച്ച മൂല്യവർദ്ധിത നികുതി നിയമ പ്രകാരമുള്ള റിട്ടേണുകൾ സ്ക്രൂട്ടിനിക്ക് വിധേയമാക്കി അപാകതകൾ കണ്ടെത്തിയ കേസുകളിൽ പ്രീ അസസ്മെന്റ് നോട്ടീസുകൾ നൽകിയിട്ടുണ്ട്. |
| (ബി) | വ്യാപാരികൾക്ക് പ്രീ അസസ്മെന്റ് നോട്ടീസ് നൽകുമ്പോൾ എവിടെയാണ് പൊരുത്തക്കേട് ഉള്ളതെന്ന് വ്യക്തമാക്കാറുണ്ടോ; | (ബി) | വ്യാപാരികൾക്ക് പ്രീ അസസ്സ്മെന്റ് നോട്ടീസ് നൽകുമ്പോൾ പൊരുത്തക്കേടുകൾ എപ്രകാരം കണ്ടെത്തിയെന്ന കാരണം വ്യക്തമാക്കേണ്ടതാണ്. |
| (സി) | ഇപ്പോൾ നൽകുന്ന നോട്ടീസുകളിൽ കാരണം കാണിച്ചിട്ടില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്.<br>ജനറൽ സ്ക്രൂട്ടിണി മോഡ്യൂൾ ഉപയോഗിച്ച് നൽകിയ പ്രീ അസസ്സ്മെന്റ് നോട്ടീസുകളിൽ സൂചിപ്പിച്ചിട്ടുള്ള വിറ്റുവരവ് മറച്ചുവയ്ക്കൽ, വാങ്ങൽ മറച്ചുവയ്ക്കൽ തുടങ്ങിയവ എപ്രകാരം എത്തിച്ചേർന്നുവെന്ന കാര്യം വിശദമായി രേഖപ്പെടുത്തിയിട്ടില്ലായെന്ന ആക്ഷേപം ഉണ്ടായിട്ടുണ്ട്. മാത്രമല്ല വ്യാപാരികൾക്ക് അനുവദനീയമായ പല ഇളവുകളും കണക്കിലെടുക്കാതെയാണ് നോട്ടീസ് തയ്യാറാക്കിയിട്ടുള്ളതെന്ന ആക്ഷേപവും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇത് സംബന്ധിച്ച് വ്യാപാരി വ്യവസായികൾ എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ? | (ഡി) | വ്യാപാര സംഘടനകൾ ആക്ഷേപങ്ങൾ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ അവരുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി. ഈ ചർച്ചകളുടെ വെളിച്ചത്തിൽ ജനറൽ സ്കൂട്ടിണി മോഡ്യൂൾ ഉപയോഗിച്ച് പുതിയ നോട്ടീസുകൾ നൽകേണ്ടതില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ്കൂട്ടിണി മോഡ്യൂൾ ഉപയോഗിച്ച് വ്യാപാരികൾക്ക് നൽകിയിട്ടുള്ള നോട്ടീസുകളിൽ നിയമ വകുപ്പുമായി ആലോചിച്ചു മാത്രമേ തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ. എന്നാൽ കട പരിശോധന, വാഹന പരിശോധന, ഓഡിറ്റ്, എ.ജി.യുടെ നിരീക്ഷണങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ അസസ്സ്മെന്റ് നടപടികൾ തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ